എഫ് 1-1134/2016

കണയന്നൂർ താലൂക്ക്, നടമ വില്ലേജിലെ സർവ്വേ 55/24, 77/3 നമ്പറിൽ ഉൾപ്പെട്ട ആകെ 1.60 ആർ (0.0160 ഹെക്ടർ) വിസ്തീർണ്ണം വരുന്ന വസ്തു, എരൂർ റയിൽവേ മേല്പാലത്തിൻറെ നിർമ്മാണത്തിന് ടി മേല്പാലത്തിൻറെ ഇരുവശങ്ങളിലുമുള്ള റോഡ് വീതി കുട്ടുന്നതിൻറെ ഭാഗമായി പൊന്നും വില നിയമപ്രകാരം ഏറ്റെടുക്കുന്നതിൻറെ ഭാഗമായി നിയോഗിച്ച സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (RCSS) സമർപ്പിച്ച സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി 04/06/2019 തീയതി വൈകിട്ട് 4.30 മണിയ്ക്ക് എറണാകുളം കളക്ടറേറ്റിലുള്ള ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ ചേമ്പറിൽ വച്ചു നടന്ന വിദഗ്ദ്ധസമിതി യോഗത്തിൻറെ മിനിറ്റ്സ്

---

യോഗം കൃത്യം 4.30 ന് ആരംഭിച്ചു

<u>യോഗത്തിൽ താഴെപ്പറയുന്നവർ പങ്കെടുത്തു.</u>

1. ശ്രീ.ദിനേശ്കുമാർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ) എറണാകുളം
2. ശ്രീമതി.ഗീത കാണിശ്ശേരി, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, എറണാകുളം
3. ഡോ.ജോൺ എക്സ്, പാലക്കാപ്പിള്ളിൽ (ഫാ.പ്രശാന്ത്) പ്രിൻസിപ്പൽ, സേക്രട്ട് ഹാർട്ട് കോളേജ്, തേവര.
4. ശ്രീ. എം.ബി.മുരളീധരൻ, കൌൺസിലർ (വാർഡ് നമ്പർ 42) , കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ
5. ശ്രീമതി. സുജ എം.എസ്, എക്സിക്യൂട്ടീവ് എൻജിനീയർ (റിട്ട) കെ.പി.ഡബ്ല്യൂ.ഡി.
6. ശ്രീമതി. ധന്യ പി.റ്റി. ഹെഡ് ക്ലാർക്ക് (എൽ.എ) കളക്ടറേറ്റ്, എറണാകുളം.
7. ശ്രീമതി.സുജാത ബി, റവന്യൂ ഇൻസ്പെക്ടർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, എറണാകുളം.

ടി പദ്ധതിയ്ക്കു വേണ്ടിയുള്ള പൊന്നുംവില നടപടിയുടെ ഭാഗമായുള്ള സാമൂഹ്യ പ്രത്യാഘാത പഠനത്തിൻറെ അന്തിമ റിപ്പോർട്ട് വിലയിരുത്തുന്നതിനായാണ് യോഗം വിളിച്ചു ചേർത്തതെന്നും, അതിൽ അംഗങ്ങളുടെ അഭിപ്രായം അറിയിക്കാവുന്ന താണെന്നും വിദഗ്ദ്ധസമിതി ചെയർമാനായ എൽ.എ (ജനറൽ) സ്പെഷ്യൽ തഹസിൽദാർ അറിയിച്ചു.

എരൂർ റെയിൽവേ മേല്പാലത്തിനുവേണ്ടിയുള്ള അധിക സ്ഥലമേറ്റെടുക്കുന്നത് മേല്പാലത്തിൻറെ സമാന്തര റോഡ് വികസനത്തിനുവേണ്ടിയാണ്. മേല് പാലത്തിൽ

ഇരുവശങ്ങളിലും നിലവിലുള്ള വീതി കുറഞ്ഞ റോഡ് എറെ ഗതാഗതക്കുരുക്ക്സൃഷ്ടിക്കുന്നുണ്ട് നിലവിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനും എരൂർ റയിൽവേ മേല്പാലം കൊണ്ട് ഉദ്ദേശിച്ചിരുന്ന പ്രജോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും റോഡ് വികസനം അനിവാര്യമാണെന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടു. ടി പദ്ധതി മൂലം പ്രദേശവാസികൾക്ക് ലഭ്യമാകുന്ന പ്രയോജനം വിലയിരുത്തുമ്പോൾ ടി പദ്ധതി മൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ കുറവാണെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി.

നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഇതിനേക്കാൾ ചെലവു കുറഞ്ഞതും അനുയോജ്യമായതുമായ മറ്റൊരു മാർഗ്ഗം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും ടി ഭൂമി നിലവിലുള്ള റോഡിനോട് ചേർന്നു വരുന്നതിനാലും ടി ഭൂമി ഈ പദ്ധതിയ്ക്ക് അനുയോജ്യമാണെന്ന് യോഗം വിലയിരുത്തി. പ്രസ്തുത ഭൂമി 'പുരയിടം' എന്ന ഇനത്തിൽ ഉൾപ്പെട്ടുവരുന്നതാണ് ആഘാതബാധിതരുടെ ഭൂമി, കൂടാതെ കച്ചവടസ്ഥാപനം, അമ്പലത്തിൻറെ ചുറ്റുമതിൽ, ഗേറ്റ് തുടങ്ങിയവ നഷ്ടമാകുന്നുവെങ്കിലും കേരള സർക്കാരിൻറെ റവന്യൂ(ബി) വകുപ്പിലെ 29/12/2017 തീയതിയിലെ ജി.ഒ (എം.എസ്) നം.448/2017/ആർ.ഡി. പ്രകാരം പുറപ്പെടുവിച്ച ഭൂമി എറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് നൽകുന്നതിന് യോഗം തീരുമാനിച്ചു.

നിർദ്ദിഷ്ടഭൂമി മേൽ പദ്ധതിക്ക് പര്യാപ്തമാണെന്നും ടി പദ്ധതി നടപ്പിൽ വരുത്തുന്നതു മൂലം ലഭ്യമാകുന്ന പ്രയോജനം പ്രോജക്ടിൻറെ ഭാഗമായി ഉണ്ടായേക്കാവുന്ന സാമൂഹ്യപ്രത്യാഘാതങ്ങളെ അപേക്ഷിച്ച് വളരെ വലുതാണെന്നും ടി പദ്ധതിക്ക് ഇതിലും അനുയോജ്യമായ മറ്റൊരു ഭൂമി ലഭ്യമല്ലെന്നും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിനെതിരായി ആരും ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതാണെന്നും യോഗം വിലയിരുത്തി

വിശദമായ ചർച്ചകൾക്ക്ശേഷം മേൽ വസ്തുതകൾ പരിഗണിച്ച് പൊതു ആവശ്യത്തെ മുൻനിറുത്തി പദ്ധതി നടപ്പിലാക്കുന്നതിനായി ടി പ്രദേശം ഏറ്റെടുക്കലിനായി ശുപാർശ ചെയ്യുന്നതിന് യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻറെ അന്തിമ റിപ്പോർട്ട് കമ്മിറ്റിഅംഗങ്ങൾ അംഗീകരിച്ചിരിക്കുന്നതിനാൽ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള ശുപാർശ ജില്ലാകളക്ടർക്ക് സമർപ്പിക്കുന്നതാണെന്ന് ഡെപ്യൂട്ടികളക്ടർ (എൽ.എ) അറിയിച്ചു.

യോഗം വൈകിട്ട് 5 മണിയ്ക്ക് അവസാനിച്ചു.

വിദഗ്ദസമിതി ചെയർമാൻ
&
സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ.
എറണാകുളം

എഫ് 1-1134/2016

കണയന്നൂർ താലൂക്ക്, നടമ വില്ലേജിലെ സർവ്വേ 55/24, 77/3 എന്നീനമ്പറുകളിൽ ഉൾപ്പെട്ട ആകെ 1.60 ആർ (0.0160 ഹെക്ടർ) വിസ്തീർണ്ണം വരുന്ന വസ്തു, എരൂർ റയിൽവേ മേല്പാലത്തിൻറെ ഇരുവശങ്ങളിലുമുള്ള റോഡ് വീതി കുട്ടുന്നതിൻറെ ഭാഗമായി നിയോഗിച്ച സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (RCSS) സമർപ്പിച്ച സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സെക്ഷൻ 7(5) പ്രകാരം വിദഗ്ദ്ധസമിതി തയ്യാറാക്കി സമർപ്പിയ്ക്കുന്ന അവലോകന റിപ്പോർട്ട്.

എരൂർ റെയിൽവേ മേല്പാലത്തിൻറെ ഇരുവശങ്ങളിലുമുള്ള റോഡ് വീതികൂട്ടുന്നതിൻറെ ഭാഗമായുള്ള പൊന്നുംവില നടപടികൾക്കായി ആർ.ബി.ഡി.സി.കെ അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതും ആയതുപ്രകാരം എറണാകുളം എൽ.എ.(ജനറൽ) സ്പെഷ്യൽ തഹസിൽദാരിനെ ലാൻഡ് അക്വിസിഷൻ ഓഫീസറായി ജില്ലാകളക്ടർ നിയമിച്ചിട്ടുള്ളതാണ്. RFCTLARR ACT 2013 പ്രകാരമുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (RCSS) നിയോഗിച്ചിട്ടുള്ളതാണ്.

RFCTLARR ACT സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം സർക്കാർ അംഗീകരിച്ചിട്ടുള്ളതും ആയത് നിയമാനുസൃതം കേരള (അസാധാരണ) ഗസറ്റിലും, തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റി, ജില്ലാകളക്ടറേറ്റ്, ആർ.ഡി.ഒ. ഓഫീസ്, താലൂക്ക് എന്നീ ഓഫീസുകളിലും ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധ പ്പെടുത്തി യിട്ടുള്ളതുമാണ്.

നിയമാനുസൃത നടപടികൾ പൂർത്തിയാക്കി സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ട് RCSS സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം ടി പദ്ധതി നിലവിൽ വരുന്നത് ഇപ്പോഴുള്ള ഗതാഗതകുരുക്കിന് പരിഹാരം കാണുന്നതിനും എരൂർ റെയിൽവേ മേല്പാലം കൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണെന്ന് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ടി പദ്ധതി 2013 ലെ 30-ാം നമ്പർ

ആക്ടിലെ സെക്ഷൻ 2(1) ബി (1) ൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിൻറെ നിർവ്വചനത്തിൽ വരുന്നതിനാൽ പൊതുജന താല്പര്യത്തെ മുൻനിറുത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കേണ്ടതാണ്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി 04/05/2019 ലെ സി2-78283/16 നമ്പർ നടപടിക്രമം പ്രകാരം വിദഗ്ദ്ധസമിതി രൂപീകരിച്ച് ജില്ലാകളക്ടർ ഉത്തരവായിട്ടുള്ള താണ്.

ഇതു സംബന്ധിച്ച് 4/06/2019-ാം തീയതി വൈകുന്നേരം 4.30 മണിക്ക് ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ ചേമ്പറിൽ ചേർന്ന വിദഗ്ദ്ധസമിതിയോഗം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ പ്രയോജനം വിലയിരുത്തുമ്പോൾ പദ്ധതി പ്രദേശം നഗരാതിർത്തിക്കുള്ളിലായതിനാൽ അവശ്യ സൌകര്യങ്ങളെല്ലാം സാധിക്കുത്തതും ഭൂമി ഏറ്റെടുക്കൽ ടി പ്രദേശത്തെ ജനങ്ങളുടെ ഗതാഗതസൌകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നതു മാണ്.

നിർദ്ദിഷ്ട ഭൂമി 'പുരയിടം' എന്ന ഇനത്തിൽ ഉൾപ്പെട്ടുവരുന്നതും ആഘാതബാധിതരുടെ ഭൂമി, കച്ചവടസ്ഥാപനം, അമ്പലത്തിൻറെ ചുറ്റുമതിൽ, ഗേറ്റ് എന്നിവ നഷ്ടപ്പെടുന്നുവെങ്കിലും സർക്കാരിൻറെ റവന്യൂ(ബി) വകുപ്പിലെ 29/12/2017 തീയതിയിലെ ജി.ഒ.(എം.എസ്) നം.448/2017/ആർ.ഡി. പ്രകാരം പുറപ്പെടുവിച്ച ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുന:സ്ഥാപന പാക്കേജ് നൽകുന്നതിന് വിദഗ്ദ്ധസമിതി യോഗം തീരുമാനിച്ചു.

ടി പൊന്നുംവില നടപടിയ്ക്കായി ഇതിനേക്കാൾ ചെലവുകുറഞ്ഞതും അനുയോജ്യമായതുമായ മറ്റൊരു മാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാലും ടി പദ്ധതിമൂലം പ്രദേശവാസികൾക്ക് ലഭ്യമാകുന്ന പ്രയോജനം വിലയിരുത്തുമ്പോൾ ടി പദ്ധതി മൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ കുറവാണെന്നും യോഗം വിലയിരുത്തി.

വിശദമായ ചർച്ചകൾക്ക് ശേഷം മേൽ വസ്തുതകൾ പരിഗണിച്ച് പൊതുതാല്പര്യത്തെ മുൻനിറുത്തി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ശുപാർശ ചെയ്യാവുന്നതാണെന്ന് യോഗം ഐകകണ്ഠേന തീരുമാനിക്കുകയും, ഈ തീരുമാനം യോഗത്തിൽ പങ്കെടുത്ത എല്ലാ വിദഗ്ദ്ധ സമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ RFCTLARR ACT 2013 സെക്ഷൻ 8 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഈ റിപ്പോർട്ട് എറണാകുളം ജില്ലാകളക്ടർ മുമ്പാകെ സമർപ്പിക്കുന്നു.

വിദഗ്ദ്ധസമിതി ചെയർമാൻ
&
സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ.
എറണാകുളം.